15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2594 06-10-2025 - ൽ മറുപടിയ്ക്ക്

ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പരിശീലനം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്ത്, ജി. എസ്. ടി. ഇന്റലിജൻസ് വിഭാഗത്തിന് നൽകിയ പഞ്ചനക്ഷത്ര നിലവാരമുള്ള പരിശീലന സൗകര്യങ്ങൾക്കായി ഏകദേശം 200 പ്രതിനിധികൾക്ക് 6 ദിവസത്തേക്ക് 48 ലക്ഷം രൂപ ചെലവഴിച്ചത് മിതവ്യയ നയത്തിന് അനുസൃതമാണോ; വ്യക്തമാക്കാമോ; | (എ) | 2025-26 വർഷത്തെ ഇന്റലിജൻസ് പരിശീലനം 11.07.2025 മുതൽ 18.07.2025 വരെ 6 ദിവസങ്ങളിലായാണ് നടന്നത്. ഫങ്ഷണൽ, തീമാറ്റിക്ക്, ടെക്ക്നിക്കൽ വശങ്ങൾ ഉൾക്കൊള്ളുന്ന ടി ട്രെയിനിംഗിന് ഹൈ സ്പീഡ് ഡാറ്റാ കണക്ഷൻ ഉള്ള 100 കംപ്യൂട്ടർ സിസ്റ്റവും മറ്റ് അനുബന്ധ സൗകര്യങ്ങളും വേണ്ടിയിരുന്നു. സർക്കാർ സംവിധാനത്തിൽ ആയത് ലഭ്യമല്ലാതിരുന്നതിനാലാണ്, 19.08.2023-ലെ സ.ഉ(അ)നം.91/ 2023/ധന ഉത്തരവിലെ ഖണ്ഡിക 3-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എറണാകുളം കാക്കനാട് രാജഗിരി സ്കൂൾ ഓഫ് ടെക്നോളജിയിൽ വച്ച് ടി ട്രെയിനിംഗ് നടത്തുന്നതിന് സർക്കാർ അനുമതി നൽകിയത്. ജി.എസ്.ടി സംവിധാനത്തിന്റെ വിവിധ വശങ്ങൾ ഉൾപ്പെടുത്തിയ റെസിഡൻഷ്യൽ ട്രെയിനിംഗിന്റെ അടിസ്ഥാന സൗകര്യങ്ങൾ, വിദഗ്ദ്ധ പരിശീലകർ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ആകെ 61,42,792 രൂപ ചെലവഴിച്ച് നടത്തിയ ടി പരിശീലനം വകുപ്പിലെ ജീവനക്കാരുടെ മാനവവിഭവ ശേഷി ഉയർത്തുന്നതിനും, നികുതി പിരിവിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനും ലക്ഷ്യം വച്ചുള്ളതാണ്. |
| (ബി) | ഇക്കാര്യത്തിൽ കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന ജി. എസ്. ടി. കമ്മീഷണർ നൽകിയ എന്തെങ്കിലും നിർദേശം സർക്കാരിന്റെ പരിഗണനയിൽ തീർപ്പാകാതെ കിടക്കുന്നുണ്ടോ; ഇക്കാര്യത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിന് ധനവകുപ്പ് സ്വീകരിച്ച നിലപാട് അറിയിക്കാമോ; | (ബി) | 28.06.2025-ലെ സ.ഉ.(സാധാ) നം.615/2025/നികുതി പ്രകാരം ടി ട്രെയിനിംഗിന് 48,43,000 രൂപ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ 03.08.2025-ലെ എസ്.ജി.എസ്.ടി/2548/2025-റ്റി.ആർ.ജി5 നമ്പർ കത്ത് പ്രകാരം ടി ട്രെയിനിംഗിന് 12,99,792 രൂപ അധികമായി ചെലവായെന്നും ആയത് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് സംസ്ഥാന നികുതി കമ്മീഷണർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിശീലനത്തിനായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദവിവരം നൽകാമോ? | (സി) | 2025-26 വർഷത്തെ ഇന്റലിജൻസ് പരിശീലനം 11.07.2025 മുതൽ 18.07.2025 വരെ 6 ദിവസങ്ങളിലായാണ് നടന്നത്. |

ഇനം തിരിച്ചുള്ള ചെലവ് (രൂപ)

| | |
|---|---|
| ട്രെയിനിംഗ് ഹാൾ, അടിസ്ഥാന സൗകര്യങ്ങൾ, താമസം, ഭക്ഷണം | 56,60,179 |
| യാത്രാ ചെലവുകൾ | 2,26,800 |
| ഫാക്കൽറ്റി ചെലവ് | 2,23,128 |
| സ്റ്റേഷനറി ചെലവുകളും മറ്റുള്ള ചെലവുകളും | 32,685 |
| ആകെ ചെലവ് | 61,42,792 (അറുപത്തിയൊന്നു ലക്ഷത്തി നാല്പത്തി രണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) |

സെക്ഷൻ ഓഫീസർ